## കുന്നമംഗലത്ത് വീണ്ടും മയക്കു മരുന്നു വേട്ട, ഹാഷിഷുമായി യുവാവ് അറസ്റ്റിൽ

കൊടുവള്ളി സ്വദേശി നസീബ് (25) ആണ് പിടിയിലായത്. സിറ്റി പോലീസ് കമ്മീഷണർ ശ്രീ കാളിരാജ് മഹേഷ് കുമാറി നേതൃത്വത്തിൽ കോഴിക്കോട് നോർത്ത് അസി. കമ്മീഷണറുടെ ക്രൈം സ്ക്വാഡും കുന്നമംഗലം പോലീസും ചേർന്നാണ് 380 ഗ്രാം ഹാഷിഷ് സഹിതം നസീബിനെ പിടികൂടിയത്. കൊടുവള്ളി, കുന്നമംഗലം ഭാഗങ്ങളിൽ വൻതോതിൽ ലഹരിവിൽപന നടത്തുന്ന ശൃംഖലയിലെ പ്രധാന കണ്ണിയാണ് ഇയാൾ.